LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം

37(2072) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിന് സഹായിക്കുന്ന എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്?

പട്ടികവിഭാഗത്തിൽപ്പെടുന്ന ഓൺലൈൻ പഠനത്തിന് തടസ്സം നേരിടുന്ന, ഒന്നാം ക്ലാസ്സു മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ടാബ്‌ലറ്റും, ബിരുദം, ബിരുദാനന്തര ബിരുദം, മറ്റ് പോസ്റ്റ് മെട്രിക് കോഴ്സുകൾ എന്നിവ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പും വാങ്ങി നൽകുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഓൺലൈൻ/ഡിജിറ്റൽ പഠന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സാമൂഹ്യ പഠനമുറികൾ കൂടാതെ ഓൺലൈൻ പഠനകേന്ദ്രങ്ങൾ, ക്ലബ്ബുകൾ, വായനശാലകൾ, അങ്കണവാടികൾ, ഏകാദ്ധ്യാപക വിദ്യാലയങ്ങൾ, മൾട്ടിപർപ്പസ് ലേണിംഗ് സെന്ററുകൾ മുതലായ 1354 കെട്ടിടങ്ങൾ താല്കാലികമായി സജ്ജീകരിച്ചിട്ടുണ്ട്. വൈദ്യുതി സൗകര്യമില്ലാത്ത 7 പ്രദേശങ്ങളിൽ സോളാർ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാമൂഹ്യ പഠനമുറി പട്ടികവർഗ്ഗ വികസന വകുപ്പിലെ ഫെസിലിറ്റേറ്റർമാർ, ഗോത്രബന്ധു പദ്ധതിയിലെ മെന്റർ ടീച്ചർമാർ, ഊരുകളിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾ എന്നിവരുടെ സേവനം ഓൺലൈൻ പഠനത്തിനായി ലഭ്യമാക്കിയിട്ടുണ്ട്. ഇന്റർനെറ്റ്/ഡി.ടി.എച്ച് സംവിധാനങ്ങൾ ലഭ്യമല്ലാത്ത കോളനികളിൽ മോഡൽ റസിഡൻഷ്യൽ സ്കൂളിലെ അദ്ധ്യാപകർ വിക്ടേഴ്സ് ചാനലിലെ ക്ലാസുകൾ റെക്കോർഡ് ചെയ്തശേഷം ആയത് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നു. വീടുകളിൽ പഠനസൗകര്യം ലഭ്യമല്ലാത്ത വിദ്യാർത്ഥികൾക്ക് ഇത്തരത്തിൽ പഠനസൗകര്യം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫെസിലിറ്റേറ്റർമാരുടേയും മെന്റർ ടീച്ചർമാരുടേയും സഹായത്തോടുകൂടി ഓൺലൈൻ പഠനം ഗോത്രഭാഷയിൽ നൽകുന്നുമുണ്ട്.

(ബി) അത്തരം സഹായങ്ങൾ ലഭിക്കുന്നതിന് എങ്ങനെയാണ് അപേക്ഷിക്കേണ്ടതെന്ന് വിശദമാക്കാമോ; ഇത്തരം സഹായങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഓൺലൈൻ പഠനത്തിനായുള്ള സഹായങ്ങൾക്കായി പ്രത്യേക അപേക്ഷകൾ വിദ്യാർത്ഥികൾ സമർപ്പിക്കേണ്ടതില്ല. അർഹരായ വിദ്യാർത്ഥികളുടെ വിവരങ്ങൾ തുടർനടപടികൾ സ്വീകരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടുണ്ട്.